പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 686 — 27.04.2017 -ൽ മറുപടിക്ക്

**സിനിമാ മേഖലയിലെ തർക്കം**

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. എ.കെ.ബാലൻ

(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാ മേഖലയിൽ വിതരണക്കാരും നിർമ്മാതാക്കളും തമ്മിലുള്ള തർക്കം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) യും (ബി) യും | സിനിമാ മേഖലയിൽ വിതരണക്കാരും നിർമ്മാതാക്കളും തമ്മിൽ നിലനിന്നിരുന്ന തർക്കം ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിയേറ്ററുകൾ ഇപ്പോഴും അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച തർക്കത്തിന്റെ ഭാഗമായി തിയേറ്ററുകൾ ഇപ്പോഴും അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | സിനിമ തിയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്കും റിസർവേഷൻ ചാർജ്ജും ഈടാക്കുന്ന കാര്യം പരിശോധിക്കുമോ ? | (സി) | സിനിമാ തിയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്കും റിസർവേഷൻ ചാർജ്ജും ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്. ചലച്ചിത്ര വ്യവസായം, സിനിമാ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് എന്നിവ സംബന്ധിച്ച സകല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയായ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടനുബന്ധിച്ച് തിയേറ്ററുകളുടെ ടിക്കറ്റ് നിരക്ക് റിസർവേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ